# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6716 10/07/2014-ൽ മറുപടിക്ക്

## "ക്യാമ്പയിൽ എഗൻസ്റ്റ് കാൻസർ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" അൻവർ സാദത്ത്<br>" എം. എ. വാഹിദ്<br>" സണ്ണി ജോസഫ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | "ക്യാമ്പയിൽ എഗൻസ്റ്റ് കാൻസർ" എന്ന പ്രചരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | കേരളത്തിലെ സ്ത്രീകളിൽ പ്രധാനമായും കണ്ടുവരുന്നത് സ്തനാർബുദവും, ഗർഭാശയ കാൻസറും, പുരുഷന്മാരിൽ ഇത് വദനാർബുദവും, ശ്വാസകോശാർബുദവുമാണ്. ഇതിൽ വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ മുൻകൂട്ടി കണ്ടെത്താൻ സാധിക്കുന്നതും, നിർണ്ണയിക്കപ്പെട്ടാൽ നൂറു ശതമാനവും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. ഈ വസ്തുതകൾ മുൻ നിറുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നതിനും രോഗബാധിതരെ കണ്ടുപിടിച്ച്, ചികിത്സ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാനമായ ഉദ്ദേശലക്ഷ്യം. ഇതിനോടകം തന്നെ, കാൻസർ ഉണ്ടാകാൻ സാധ്യതയുള്ള ജീവിത ശൈലികളെക്കുറിച്ചും, കാൻസർ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ബോധവത്കരണ പരിപാടികളും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലൂടെ കാൻസർ രോഗബാധ നിർണ്ണയം നടത്തുന്നതിനും, ചികിത്സ ലഭ്യമാക്കുന്നതിനും കാൻസർ രോഗികളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനും സാധിക്കുന്നു. കൂടാതെ, |

| | | | |
|---|---|---|---|
| | | | • National Programme for Prevention and Control of Cancer, Diabetes, Cardiovascular Diseases and Stroke (NPCDCS) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലെയും, തിരുവനന്തപുരം ജില്ലയിലെയും ഗ്രാമീണരായ സ്ത്രീകളിൽ സ്തനം, ഗർഭാശയഗളം, വായ് എന്നീ ഭാഗങ്ങളിൽ ഉണ്ടാകുന്ന കാൻസറിനെക്കുറിച്ചും, കാൻസറിന് മുന്നോടിയായ മാററങ്ങളെക്കുറിച്ചും അവലോകനം നടത്തുക.<br>• മുകളിൽപ്പറഞ്ഞ ആറു ജില്ലകളിലുമുള്ള ജനങ്ങൾ പ്രാഥമിക കാൻസർ പ്രതിരോധത്തിന് വേണ്ട അവബോധം നൽകുക.<br>• മുകളിൽ പറഞ്ഞ ജില്ലകളിൽ നിന്നും കാൻസർസ്ക്രീനിംഗിന് എത്തുന്ന ആളുകളുടെ നിരക്ക് അവലോകനം ചെയ്യുക.<br>• പ്രസ്തുത ജില്ലകളിലെ ജനങ്ങളിൽ പുകയില ഉപയോഗത്തിന്റെയും മദ്യപാനത്തിന്റെയും തോത് വിലയിരുത്തുക.<br>• മേൽപ്പറഞ്ഞ ജില്ലകളിൽ പരിശീലനം ലഭിച്ച നഴ്സുമാർ സ്തനം, വായ് എന്നിവ പരിശോധിക്കുന്നത് എത്രമാത്രം കാര്യക്ഷമമാണെന്ന് വിലയിരുത്തുക.<br>• പാപ്സ്മിയർ സ്ക്രീനിംഗിനായി എത്തുന്നവരുടെ നിരക്ക് അവലോകനം ചെയ്യുക.<br>• മേൽപ്പറഞ്ഞ ജില്ലകളിൽ എത്ര മാത്രം കാൻസർ രോഗികളുണ്ടെന്ന് അവലോകനം ചെയ്യുക. |
| (സി) | ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാന ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം., ആർ.സി.സി. തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. ഇതിൽ ആർ.സി.സി. പദ്ധതിയുടെ മേൽനോട്ടവും, പരിശീലനവും, സാങ്കേതിക സഹായവും ഉറപ്പ വരുത്തുമ്പോൾ ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും സൗകര്യങ്ങളും മാനവശേഷിയും വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രചരണ പരിപാടിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | 2014-ൽ ഫെബ്രുവരി 04, ലോക കാൻസർ ദിനത്തിലാണ് ഈ പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഞ്ചു ജില്ലകളിലെ 77 NCD ഡോക്ടർമാരെയും 88 സ്റ്റാഫ് നഴ്സുമാരെയും ആർ.സി.സി.യിൽ രോഗ നിർണ്ണയത്തിനുള്ള വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. പരിശീലനത്തിനും ബോധവത്കരണത്തിനും ആവശ്യമായ മൊഡ്യൂളുകൾ, ആർ.സി.സി. തയ്യാറാക്കുകയുണ്ടായി. ഇതിന്റെ അവലോകനവും റിപ്പോർട്ടിംഗും സുഗമമാക്കുവാനുള്ള സോഫ്റ്റ്‌വെയർ എൻ.എച്ച്.എം. മുഖേനയും തയ്യാറാക്കുകയുണ്ടായി.<br><br>ഇതു സംബന്ധിച്ച് പരിശീലനം ലഭിച്ച ഡോക്ടർമാരും, നഴ്സുമാരും, അവരവർ ജോലി ചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ തുടർന്നുള്ള പ്രവർത്തനങ്ങൾ ഹെൽത്ത് സർവ്വീസുമായി യോജിച്ച് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ